**കേരള സർക്കാർ**

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - എഞ്ചിനീയറിംഗ് വിഭാഗം - ജീവനക്കാര്യം - ശ്രീ. ബാബു ചിന്നപ്പൻ, എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് രണ്ടാം സമയബന്ധിത ഹയർ ഗ്രേഡ് അനുവദിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയം ഭരണ (ഇഡബ്ല്യൂ) വകുപ്പ്**

സ.ഉ. (സാധാ)നം.997/2019/തസ്വഭവ. തീയതി, തിരുവനന്തപുരം, 16.05.2019

---

പരാമർശം:- 1 ശ്രീ. ബാബു ചിന്നപ്പന്റെ 23.04.2018 ലെ അപേക്ഷ.

2 തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ 22.05.2018-ലെ ഇ 1/1032/2016/സി.ഇ/തസ്വഭവ നമ്പർ കത്ത്.

**ഉത്തരവ്**

തദ്ദേശ സ്വയംഭരണ എഞ്ചിനീയറിംഗ് വിഭാഗത്തിലെ എക്സിക്യൂട്ടീവ് എഞ്ചിനീയർ ശ്രീ ബാബു ചിന്നപ്പന് രണ്ടാം സമയബന്ധിത ഹയർ ഗ്രേഡ് പ്രൊമോഷൻ 01.07.2009 തീയതി പ്രാബല്യത്തിൽ 24040-38840 രൂപ ശമ്പള സ്കെയിലിൽ അനുവദിക്കണമെന്ന് തദ്ദേശസ്വയം ഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ പരാമർശം(2) പ്രകാരം അഭ്യർത്ഥിക്കുകയുണ്ടായി.

സർക്കാർ വിഷയം വിശദമായി പരിശോധിച്ചു ശ്രീ. ബാബു ചിന്നപ്പൻ രണ്ടാം സമയബന്ധിത ഹയർഗ്രേഡ് 1.7.2009 പ്രാബല്യത്തിൽ ആണ് ഓപ്റ്റ് ചെയ്തിരിക്കുന്നത്.എന്നാൽ ടിയാന്റെ 2009 ശമ്പള പരിഷ്കരണത്തിലെ ഓപ്ഷൻ തീയതി 01.04.2010-നാണ്. 26.2.2011 ലെ സ.ഉ.(പി)നം.85/2011/ധന നമ്പർ ഉത്തരവിലെ അനുബന്ധം II ഖണ്ഡിക 7(1) പ്രകാരം 1.7.2009-നോ അതിന് ശേഷമോ ഉള്ള പ്രൊമോഷനുകൾ പരിഷ്കരിച്ച ശമ്പള സ്കെയിലുകളിൽ മാത്രമേ അനുവദിക്കുവാൻ കഴിയുകയുള്ളൂ. കൂടാതെ, ടിയാൻ രണ്ടാം സമയബന്ധിത ഹയർ ഗ്രേഡ് 1.7.2009 പ്രാബല്യത്തിൽ ഓപ്റ്റ് ചെയ്തിരിക്കുന്നതിനാൽ ടി ഉത്തരവിലെ അനുബന്ധം II ഖണ്ഡിക 26(എ) പ്രകാരം ടിയാന് 2009 ശമ്പള പരിഷ്കരണം 1.7.2009-ന് ശേഷമുള്ള തീയതിയിൽ ഓപ്റ്റ് ചെയ്യാവുന്നതല്ല.

മേൽ സാഹചര്യത്തിൽ, ശ്രീ. ബാബു ചിന്നപ്പന്റെ 2009 ശമ്പള പരിഷ്കരണം 1.7.2009 പ്രാബല്യത്തിൽ 22360-37940 രൂപ ശമ്പള സ്കെയിലിൽ പരിഷ്കരിക്കുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു. ടിയാന് 1.7.2009 തീയതി പ്രാബല്യത്തിൽ 24040-38840 ശമ്പള സ്കെയിലിൽ 28(എ) നിർണ്ണയ ആനുകൂല്യത്തോടെ 26.2.2011 ലെ സ.ഉ.(പി)നം.85/2011/ധന നമ്പർ ഉത്തരവിലെ അനുബന്ധം III ഖണ്ഡിക 9 പ്രകാരം രണ്ടാം സമയബന്ധിത ഹയർഗ്രേഡ് അനുവദിച്ചും ഉത്തരവാകുന്നു. ടിയാന്, 29.9.2012 ലെ സ.ഉ(പി)നം. 536/2012/(116)/ധന ഉത്തരവിലെ വ്യവസ്ഥ (v) പ്രകാരം 1.2.2011 പ്രാബല്യത്തിൽ അനുവദിച്ച കരിയർ അഡ്വാൻസ്മെന്റ് പ്രകാരമുള്ള രണ്ടാം നോൺ കേഡർ പ്രൊമോഷൻ കെ. എസ്. ആർ ഭാഗം I

(മറുപുറം)

റൂൾ 30 പ്രകാരം ക്രമീകരിക്കേണ്ടതാണ്. ടിയാന്റെ തുടർന്നുള്ള ശമ്പള പരിഷ്കരണങ്ങൾ ആയതിൻ പ്രകാരം ക്രമീകരിക്കേണ്ടതുമാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**ശ്രീജിത്ത്. വി.പി**

അണ്ടർ സെക്രട്ടറി

1 ശ്രീ. ബാബു ചിന്നപ്പൻ, എക്സിക്യൂട്ടീവ് എഞ്ചിനീയർ ( *തസ്വഭവ ചീഫ് എഞ്ചിനീയർ മുഖേന*)

2 ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.

3 അക്കൗണ്ടന്റ് ജനറൽ (എ & ഇ/ഓഡിറ്റ്) കേരള, തൃശ്ശൂർ

4 ധനകാര്യ വകുപ്പ് (27.03.2019 ലെ ഡെവ.1/326/2018/ധന പ്രകാരം)

5 എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം

6 വെബ്&ന്യൂമീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ്.

7 കരുതൽ ഫയൽ / ഓഫീസ് പകർപ്പ്.

ഉത്തരവിൻപ്രകാരം

അസി. സെക്ഷൻ ഓഫീസർ